# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.522 - 10/03/2015 - ലെ മറുപടിക്ക്

## പദ്ധതികളുടെ സമയബന്ധിത നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി.കെ.ബഷീർ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിക്കുന്ന നൂതന പദ്ധതികൾ സമയബന്ധിതമായി, അനുബന്ധ നടപടി ക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ; | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനയോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പു സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയ്ക്കും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പുതിയ പദ്ധതി പ്രഖ്യാപിക്കുമ്പോൾ, നിലവിലുള്ള സമാന പദ്ധതികൾ നിന്നു പോകുന്ന അവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | പുതിയ പദ്ധതി പ്രഖ്യാപിക്കുമ്പോൾ, നിലവിലുള്ള സമാന പദ്ധതികൾ നിന്നു പോകുന്ന അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) അത്തരം സാഹചര്യങ്ങളിൽ ആ പദ്ധതിക്കായി മുടക്കിയ പണം പ്രയോജനരഹിതമായിപ്പോകുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ? | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ